# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## കോഴിക്കോട് സർവ്വകലാശാലാ സെനറ്റിലെ ഒഴിവുകൾ നികത്തുന്നതിന് നിയമസഭാസാമാജികരിൽ നിന്നുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ഓരോ അംഗം ഉൾപ്പെടെ ആറ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ്

[1975 -ലെ കോഴിക്കോട് സർവ്വകലാശാലാ ആക്റ്റിന്റെ 17 -ാം വകുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന്റെ (3)-ാം ഇനം അനുസരിച്ച്]

### വിജ്ഞാപനം

നമ്പർ: 4091/ലെജിൻ-2/2018/നി. സെ. തിരുവനന്തപുരം, 2018 ജൂലൈ 19.

1975-ലെ കോഴിക്കോട് സർവ്വകലാശാലയുടെ (വിവിധ അധികാര സ്ഥാനങ്ങളിലേക്കോ, സ്ഥാപനങ്ങളിലേക്കോ തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച്) സ്റ്റാറ്റ്യൂട്ടുകളുടെ 88-ാം ഖണ്ഡികയനുസരിച്ചും അതിന്റെ 89-ാം ഖണ്ഡിക പ്രകാരം നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങളും കർത്തവ്യങ്ങളും വിനിയോഗിച്ചു കൊണ്ടും കോഴിക്കോട് സർവ്വകലാശാലാ സെനറ്റിലേക്ക് കേരള നിയമസഭാ സാമാജികരിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച് ചുവടെ അറിയിക്കുന്നതെന്തെന്നാൽ;

1. കോഴിക്കോട് സർവ്വകലാശാലാ സെനറ്റിലേക്ക് പട്ടികജാതിക്കും പട്ടിക വർഗ്ഗത്തിനും സംവരണം ചെയ്തിട്ടുള്ള ഓരോ സീറ്റുൾപ്പെടെ ആറ് സ്ഥാനങ്ങൾ നികത്തുന്നതിനായി, കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ട് മുഖേന ആനുപാതിക പ്രാതിനിധ്യതത്വമനുസരിച്ച് കേരള നിയമസഭാംഗങ്ങളിൽ നിന്നും പ്രസ്തുത സർവ്വകലാശാലയുടെ അധികാര പരിധിയിൽപ്പെട്ട സമ്മതിദായകരെ പ്രതിനിധീകരിക്കുന്ന സാമാജികരിൽ നിന്ന് ഒരു തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

2. ഒരു സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2018 ആഗസ്റ്റ് മാസം 03-ാം തീയതി വെള്ളിയാഴ്ചക്കപ്പുറമാകാത്ത ഏത് തീയതിയിലും (പൊതു ഒഴിവു ദിവസങ്ങളൊഴികെ) പകൽ 11 മണിക്കും 3 മണിക്കും ഇടയിൽ തിരുവനന്തപുരത്ത് നിയമസഭാ സെക്രട്ടേറിയറ്റ് മന്ദിരത്തിലുള്ള സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് നാമനിർദ്ദേശപത്രികകൾ വരണാധികാരിയെ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

3. നാമനിർദ്ദേശത്തിനുള്ള ഫാറങ്ങൾ മുൻപറഞ്ഞ സ്ഥലത്തും സമയത്തും ലഭിക്കുന്നതാണ്.

4. തിരുവനന്തപുരത്ത് നിയമസഭാ സെക്രട്ടേറിയറ്റ് മന്ദിരത്തിലുള്ള സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് 2018 ആഗസ്റ്റ് മാസം 04-ാം തീയതി ശനിയാഴ്ച പകൽ 11 മണിക്ക് നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മ പരിശോധനയ്ക്ക് എടുക്കുന്നതും സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ ലിസ്റ്റ് അന്നുതന്നെ നിയമസഭാ സെക്രട്ടേറിയറ്റ് മന്ദിരത്തിലുള്ള നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതുമാണ്.

5. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസുകൾ സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2018 ആഗസ്റ്റ് മാസം 10-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് മുമ്പായി വരണാധികാരിക്ക് അദ്ദേഹത്തിന്റെ ഓഫീസ് മുറിയിൽ വച്ച് ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

6. സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ ലിസ്റ്റ് 2018 ആഗസ്റ്റ് മാസം 13-ാം തീയതി തിങ്കളാഴ്ച നിയമസഭാ സെക്രട്ടേറിയറ്റ് മന്ദിരത്തിലുള്ള നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്.

7. വോട്ടെടുപ്പ് ആവശ്യമായി വരുന്ന പക്ഷം 2018 ആഗസ്റ്റ് മാസം 18-ാം തീയതി ശനിയാഴ്ച ഓരോ സമ്മതിദായകനും ബാലറ്റ് പേപ്പർ അയച്ചു കൊടുക്കുന്നതാണ്.

8. വോട്ടെടുപ്പിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതിയും സമയവും 2018 സെപ്തംബർ മാസം 03-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 4 മണി ആയിരിക്കുന്നതാണ്.

9. വോട്ടുകളുടെ സൂക്ഷ്മ പരിശോധനയും എണ്ണലും 2018 സെപ്തംബർ മാസം 04-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള സെക്രട്ടറിയുടെ ഓഫീസ് മുറിയിൽവച്ച് നടത്തുന്നതാണ്.

**വി. കെ. ബാബുപ്രകാശ്**
വരണാധികാരി
സെക്രട്ടറി, കേരള നിയമസഭ